35

# “ഞാൻ കർത്താവിനെ കണ്ടു!”

## (20:1- 31)

ഞാൻ കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരിക്കൽ വിദ്യാർത്ഥികൾ ഒരു കൂട്ടമായി മറ്റൊരു സംസ്ഥാനത്തു യൗവ്വനക്കാർക്കുള്ള ഒരു യോഗത്തിൽ പങ്കെടുക്കുവാൻ പോയി. ഞങ്ങളുടെ ലക്ഷ്യസ്ഥാനത്തെത്തുവാൻ ഞങ്ങൾ രാത്രിയിൽ കാറോടിച്ചു പോയപ്പോൾ, ഞങ്ങൾ ഓരോരുത്തരും അവരവരുടെ വിശ്വാസയാത്രയെക്കുറിച്ചു സംസാരിച്ചുകൊണ്ടിരുന്നു. ചിലർ ക്രിസ്തീയ ഭവനങ്ങളിൽ വളർന്നുവന്നവർ, വേറെ ചിലർ അവരുടെ വീടുകളിൽ നിന്നു അവർ മാത്രമാണ് ക്രിസ്ത്യാനികളായത്. ചിലർ ദീർഘകാലം സംശയ പോരാട്ടത്തിലായിരുന്നു, മറ്റുള്ളവർ അങ്ങനെയല്ല. ചിലർ അടുത്ത സമയത്താണ് യേശുവിലുള്ള വിശ്വാസത്തിൽ തങ്ങളുടെ ജീവിതം സമർപ്പിക്കപ്പെട്ടത്, മറ്റുള്ളവർ പത്തുവർഷത്തോളമായി ക്രിസ്ത്യാനികളായിട്ട്.

ഞങ്ങൾ ഇങ്ങനെ ഞങ്ങളുടെ കഥകൾ പങ്കുവെച്ചതിൽ, ഒരു പ്രസ്താവന ഒരു പെൺകുട്ടിയിൽ നിന്നു വന്നതു എനിക്കു ഏറ്റവും വലുതായ പ്രതിപത്തി എന്നിൽ ജനിപ്പിച്ചു, അവൾക്കു തന്റെ ബയോളജി ക്ലാസിൽ വെച്ചു അവളുടെ വിശ്വാസം നഷ്ടമായി. അവൾക്കു ദൈവത്തിലുണ്ടായിരുന്ന വിശ്വാസത്തെ ഒരദ്ധ്യാപകൻ തരം താഴ്ത്തി പരിഹസിച്ചു. അവൾ സുവിശേഷങ്ങൾ ഒന്നുകൂടെ വായിച്ചു അവളുടെ വിശ്വാസത്തിനു ഒരിക്കൽ കൂടെ അവസരം കൊടുക്കാമെന്നു വിചാരിച്ചു. **“**ഇതു യഥാർത്ഥമാണോ, അതോ ആരെങ്കിലും ഭാവനയാൽ എഴുതിയ കഥയാണോ? യേശു എന്ന മനുഷ്യൻ എപ്പോഴെങ്കിലും ജീവിച്ചിട്ടുണ്ടോ? അവൻ ജീവിച്ചിരുന്നെങ്കിൽ, അവൻ വാസ്തവത്തിൽ ദൈവപുത്രൻ ആയിരുന്നോ?**”** നീണ്ട മാസങ്ങളോളം അവൾ ആ ചോദ്യങ്ങളുമായി മല്ലിട്ടുകൊണ്ടിരുന്നു. അവസാനം, അവൾ നിസ്സാരമെങ്കിലും സുപ്രധാനമായ ഒരു തീർപ്പിലെത്തി. സുവിശേഷത്തിന്റെ വില ഉയിർത്തെഴുന്നേല്പിനെ ആശ്രയിച്ചാണെന്നു അവൾ തിരിച്ചറിഞ്ഞു. യേശു മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റു എങ്കിൽ മറ്റെല്ലാം സത്യമായിരിക്കും: അവൻ അത്ഭുതം ചെയ്തിട്ടുണ്ട്, അവൻ ദൈവപുത്രനുമാണ്. അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ, അതു

ഒരു ഐതിഹ്യമോ അല്ലെങ്കിൽ ഭയങ്കര കാപട്യമോ ആയിരിക്കും.

എന്റെ സ്നേഹിത ശരിയായിരുന്നു. സുവിശേഷങ്ങളുടെ അവകാശം (നമ്മുടെ കാര്യത്തിൽ യോഹന്നാന്റെ സുവിശേഷം) യേശുവിന്റെ ഉയിർത്തെഴുന്നേല്പിൽ ആശ്രയിച്ചാണ് സത്യമായിരിക്കുന്നത്:

> ... [ദൈവം] തന്റെ പ്രവാചകന്മാർ മുഖാന്തരം മുമ്പു കൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷത്തിന്നായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൗലൊസ് റോമയിൽ ദൈവത്തിന്നു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എല്ലാവർക്കും എഴുതുന്നത്. ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേല്ക്കയാൽ ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തുവല്ലൊ (റോമർ 1:2-4).

ഇപ്പോൾ, യോഹന്നാന്റെ സുവിശേഷത്തിലെ മൂർദ്ധന്യാവസ്ഥയിലെത്തി - ഈ വിശ്വാസത്തിന്റെ സുവിശേഷം - നാം യേശുവിന്റെ ഉയിർത്തെഴുന്നേല്പു സംഭവം നേരിടുന്നു. അതൊരു ചെറിയ പ്രശ്നമല്ല, എല്ലാം അപകടസാദ്ധ്യതയുള്ളതാണ്!

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ നാലു വ്യത്യസ്ത പ്രത്യക്ഷതകളും നേരിട്ടുള്ളതുമായ രീതിയിലാണ് യോഹന്നാൻ ഉയിർത്തെഴുന്നേല്പിനെ അവതരിപ്പിക്കുന്നത്. അവ ഓരോന്നും ഓരോ പുതിയ കാര്യം കൊണ്ടുവരുന്നു. അദ്ധ്യായം 20 തുടങ്ങുമ്പോൾ ഉയിർത്തെഴുന്നേല്പിനെ, നാം, മറ്റുള്ളവർ ചോദ്യങ്ങളെ കൈകാര്യം ചെയ്യുന്നതു കണ്ടിരിക്കുന്ന കാഴ്ച്ചക്കാരാണെന്നു തോന്നും, അദ്ധ്യായത്തിന്റെ അവസാനം എത്തുമ്പോൾ, എങ്ങനെയായാലും, നാം ചിത്രത്തിന്റെ കേന്ദ്രത്തിലാകുന്നതായി കാണാം, യേശുവിനെ, നാം എന്തു ചെയ്യണമെന്ന അവസ്ഥയിലെത്തുന്നു!

## മഗ്ദലക്കാരത്തി മറിയയും ഉയിർത്തെഴുന്നേല്പും (20:1-18)

യേശുവിനെ ക്രൂശിൽ തറച്ചശേഷമുള്ള ഞായറാഴ്ച്ച, അതിരാവിലെ ഇരുട്ടുള്ളപ്പോൾ മഗ്ദലക്കാരത്തി മറിയ കല്ലറക്കൽ ചെന്നു. കല്ലറക്കൽ ഉണ്ടായിരുന്ന കല്ലു നീക്കിയതായി കണ്ടു, അവൾ പത്രൊസിന്റെയും യോഹന്നാന്റെയും അടുക്കലേക്കു ഓടി ("യേശു സ്നേഹിച്ച മറ്റെ ശിഷ്യനും") അവരോടു പറഞ്ഞു, "കർത്താവിനെ കല്ലറയിൽ നിന്നെടുത്തു കൊണ്ടുപോയി, അവനെ എവിടെ വെച്ചു എന്നു ഞങ്ങൾ അറിയുന്നില്ല എന്നു പറഞ്ഞു" (20:2). അന്നുകാലത്തു ഉയിർത്തെഴുന്നേല്പ് എന്ന ആശയം മറിയയുടെ മനസ്സിലേക്കു വന്നില്ല എന്നു തോന്നുന്നു, അവൾ യേശുവിന്റെ ഉപദേശം കേട്ടു ഭക്തിയോടെ ജീവിച്ചവൾ ആയിരുന്നു. ആരെങ്കിലും അവന്റെ ശരീരം മോഷ്ടിച്ചുകൊണ്ടുപോയതാകാമെന്നു ശൂന്യമായ കല്ലറ കണ്ടു അവൾ വിചാരിച്ചു.

മറിയയുടെ വിവരം കേട്ടു, പത്രൊസും യോഹന്നാനും കല്ലറയി

ലേക്ക് ഓടി. ആ രണ്ടുപേരിൽ വേഗത യോഹന്നാനായിരുന്നതുകൊണ്ടു അവൻ ആദ്യം കല്ലറക്കൽ എത്തി. പത്രൊസും അവിടെ എത്തിയപ്പോൾ, പത്രൊസ് അകത്തു നോക്കി. (അതു പത്രൊസിന്റെ പ്രത്യേകതയല്ലേ?) വസ്ത്രങ്ങൾ മാറി കിടക്കുന്നതും മുഖം – മൂടുന്ന റൂമാൽ ചുരുട്ടി ഒരു സ്ഥലത്തു വെച്ചിരിക്കുന്നതും രണ്ടുപേരും കണ്ടു. ആ സമയത്തു, യോഹന്നാനും കല്ലറയിൽ പ്രവേശിച്ചു, അകത്തുനോക്കി, വിശ്വസിച്ചു. എങ്ങനെയായാലും, അപ്പോഴും തിരുവെഴുത്തു പറഞ്ഞ, മശിഹ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കുമെന്ന മുന്നറിയിപ്പു ശിഷ്യന്മാർക്കു മനസ്സിലായില്ല. അതു പത്രൊസിനും യോഹന്നാനും മനസ്സിലാക്കുവാൻ പ്രയാസമായിരുന്നു.

ആ രണ്ടു ശിഷ്യന്മാരും തങ്ങളുടെ വീടുകളിലേക്കു തിരിച്ചുപോയപ്പോൾ, മറിയ കല്ലറക്കൽ കരഞ്ഞുകൊണ്ടിരുന്നു. അവൾ യേശുവിനെ ആഴത്തിൽ സ്നേഹിച്ചിരുന്നു, അതുകൊണ്ടു അവന്റെ ശരീരം എടുത്തുകൊണ്ടു പോയവർ അവളുടെ വേദനക്കു ആഴം കൂട്ടി. ഇതിനേക്കാൾ ഭയങ്കര സാഹചര്യം തന്റെ ജീവിതത്തിൽ അവൾക്കു ഊഹിക്കുവാൻ കഴിയുന്നില്ല. അവൾ കരഞ്ഞുകൊണ്ടിരുന്നപ്പോൾ, അവൾ കുനിഞ്ഞു കല്ലറയിലേക്കു നോക്കി. അവിടെ മുൻപു യേശുവിനെ കിടത്തിയിരുന്ന സ്ഥാനത്തു ഒരാൾ തലെക്കലും മറ്റൊരാൾ കാല്ക്കലും ആയി രണ്ടു ദൂതന്മാർ കാവലിരിക്കുന്നതുപോലെ അവൾ കണ്ടു. അവൾ എന്തിനാണ് കരയുന്നത് എന്നു അവർ ചോദിച്ചതിനു അവൾ പറഞ്ഞു, “എന്റെ കർത്താവിനെ എടുത്തുകൊണ്ടുപോയി, അവനെ എവിടെ വെച്ചു എന്നു ഞാൻ അറിയുന്നില്ല എന്നു അവൾ അവരോടു പറഞ്ഞു” (20:13).

ഈ സമയത്ത് ഊന്നൽ യേശുവിന്റെ ശരീരം നഷ്ടപ്പെട്ടതിനാണ് എന്നു ശ്രദ്ധിക്കുക. ഇതൊരു ചെറിയ വിശദീകരണമല്ല! അതു ഭാവി തലമുറക്കു വിശ്വാസത്തിനു മുഖ്യമായ തെളിവാണ്. പ്രവൃത്തികളുടെ പുസ്തകത്തിലെ ആദ്യ അദ്ധ്യായങ്ങളുമായി ചേർത്തു യോഹന്നാൻ 20 വായിച്ചാൽ എതിരാളികൾക്കു ക്രിസ്ത്യാനിത്വം വ്യാപിക്കാതിരിപ്പാൻ എളുപ്പത്തിൽ എന്തെങ്കിലും ചെയ്യുവാൻ അവർക്കു ശ്രമിക്കാമായിരുന്നു എന്നു തിരിച്ചറിയും: അവർക്കു ചെയ്യാവുന്നതു യേശുവിന്റെ ശരീരം കൊണ്ടുവന്നുകാണിക്കാമായിരുന്നു. അതോടെ ക്രിസ്ത്യാനിത്വം പെട്ടെന്നു നില്ക്കുമായിരുന്നു. തീർച്ചയായും അവർക്കു കഴിഞ്ഞില്ല, കഴിഞ്ഞിരുന്നു എങ്കിൽ അവർ ചെയ്യുമായിരുന്നു. യേശു ഉയർത്തെഴുന്നേറ്റു എന്നതിന്റെ മുഖ്യതെളിവാണ് അവന്റെ ശരീരം കാണാതായത്!

മറിയ പിന്നെ ചുറ്റും നോക്കിയപ്പോൾ യേശുവിനെ കണ്ടു. ചില കാരണങ്ങൾ കൊണ്ടു, ഒരുപക്ഷെ പ്രഭാതത്തിലെ ഇരുട്ടായിരിക്കാം, അവൻ ധരിച്ചിരുന്ന വസ്ത്രം, അല്ലെങ്കിൽ അവളുടെ കണ്ണിൽ നിന്നൊഴുകിയ കണ്ണുനീരാകാം, എന്തായാലും മറിയ ആദ്യം യേശുവിനെ തിരിച്ചറിഞ്ഞില്ല. കല്ലറയുടെ നോട്ടക്കാരനായിരിക്കും അയാൾ എന്നു കരുതി, അവൾ അവനോടു യാചിച്ചു, “യജമാനനനെ, നീ അവനെ എടുത്തുകൊണ്ടുപോയി എങ്കിൽ അവനെ എവിടെ വെച്ചു എന്നു പറഞ്ഞു

തരിക. ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം എന്നു പറഞ്ഞു" (20:15). യേശു പിന്നെ അവളെ പേരെടുത്തുവിളിച്ചു: "മറിയയേ!" എന്നു പറഞ്ഞു. ആ സമയത്തു, താൻ ഉയിർത്തെഴുന്നേറ്റ കർത്താവിനോടാണ് സംസാരിക്കുന്നതു എന്നവൾ തിരിച്ചറിഞ്ഞു.

യേശുവിന്റെ ചുണ്ടുകളിൽ നിന്നു അവളുടെ പേർ കേട്ടപ്പോൾ, അവൾ പ്രതികരിച്ചു, അവൾ തിരിഞ്ഞു, "റബ്ബൂനി," എന്നു പറഞ്ഞു, അതു എബ്രായ ഭാഷയിൽ ഉപദേഷ്ടാവിനെ വിളിക്കുന്നതാണ്. തന്നെ തൊടരുത് എന്നു യേശു അവളോടു പറഞ്ഞു (ഒരുപക്ഷെ ഭൗതികമായതിനേക്കാൾ വൈകാരികമായ ഒന്ന്) കാരണം അവൻ പിതാവിന്റെ അടുക്കലേക്കു കയറി പോയിട്ടില്ല (20:17). അവൾ ഉടനെ തോട്ടം വിട്ടു ശിഷ്യന്മാരുടെ അടുക്കലേക്കു ഓടി, അവരോടു പറഞ്ഞു, "ഞാൻ കർത്താവിനെ കണ്ടു" (20:18). വലിയ ഉപദേഷ്ടാവിലുണ്ടായിരുന്ന മറിയയുടെ വിശ്വാസം ഇപ്പോൾ ഉയിർത്തെഴുന്നേറ്റ കർത്താവിലായി!

### ഉയിർത്തെഴുന്നേല്പും മാളികമുറിയിലെ ശിഷ്യന്മാരും (20:19-24)

ഉയിർത്തെഴുന്നേറ്റ ഞായറാഴ്ച്ച, ശിഷ്യന്മാർക്കു നീണ്ടതും പരിഭ്രാന്തി ജനിപ്പിച്ചതുമായിരുന്നു. യേശുവിനെ കൊല്ലുവാൻ ഏല്പിച്ചു കൊടുത്ത യെഹൂദന്മാരെ ഭയന്നു വൈകുന്നേരം ശിഷ്യന്മാർ കതകടച്ചിരിക്കുകയായിരുന്നു. മഗ്ദലക്കാരത്തി മറിയയുടെ വാക്കുകൾ നിരാശപൂണ്ട വ്യക്തിയുടെ വൈകാരികമായ അവകാശമായിട്ടേ അവർക്കു തോന്നിയുള്ളൂ. അവരുടെ ഹൃദയത്തിൽ യേശു മരിച്ചു പോയിരുന്നു, എന്നാൽ അവന്റെ ശരീരം എവിടെ എന്നവർക്ക് അറിഞ്ഞുകൂടായിരുന്നു. തങ്ങളുടെ യജമാനൻ മരിച്ചുപോയതുകൊണ്ടു, ശിഷ്യന്മാർക്കു സ്വാഭാവികമായും, ഭയം ഉണ്ടാകും. ഇന്നും, ക്രിസ്ത്യാനികൾ ഭയപ്പെടുകയാണെങ്കിൽ, അവർ തങ്ങളുടെ യജമാനൻ ഇന്നും കല്ലറയിലാണ് എന്ന ധാരണയിലാണ്.

ശിഷ്യന്മാർ വാതിൽ അടച്ചു മുറിയിൽ ഇരുന്നപ്പോൾ, യേശു പെട്ടെന്നു മുറിയിൽ പ്രവേശിച്ചു. അവർ അവനെ ഇങ്ങനെ വന്ദനം ചെയ്തു "നിങ്ങൾക്കു സമാധാനം" (20:19). അവന്റെ കൈകാലുകളിലെ ആണിയടിച്ച പാടുകൾ അവൻ കാണിച്ചു കൊടുത്തു. "അവർ കർത്താവിനെ കണ്ടപ്പോൾ" ശിഷ്യന്മാർ അത്ഭുതപ്പെട്ടു (20:20). യോഹന്നാന്റെ സുവിശേഷത്തിൽ, മുൻപു അവന്റെ മരണവും ഉയിർത്തെഴുന്നേല്പും യേശു പ്രവചിച്ചിരുന്നു, ആ സന്ദർഭത്തിലെ വിശ്വാസത്തിൽ "സമാധാനം," "സന്തോഷം," "ഭയം" എന്നിവയുമുണ്ടായി:

> സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല, ഞാൻ നിങ്ങൾക്കുതരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്. "ഞാൻ പോകയും നിങ്ങളുടെ അടുക്കൽ മടങ്ങിവരികയും ചെയ്യും" എന്നു ഞാൻ നിങ്ങളോടു പറഞ്ഞതു കേട്ടുവല്ലൊ. നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ ഞാൻ പിതാവിന്റെ അടു

ക്കൽ പോകുന്നതിനാൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു; പിതാവു എന്നേക്കാൾ വലിയവനല്ലൊ. അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിന്നു ഞാൻ ഇപ്പോൾ അതു സംഭവിക്കും മുമ്പെ നിങ്ങളോടു പറഞ്ഞിരിക്കുന്നു (14:27-29).

അവസാനം, ഉയിർത്തെഴുന്നേറ്റ വൈകുന്നേരം ശിഷ്യന്മാർ ഇരുന്ന അടച്ചിട്ട മുറിയിൽ അവൻ പ്രത്യക്ഷനായപ്പോൾ, അവൻ വെറുമൊരു അത്ഭുത ഉപദേഷ്ടാവും വലിയ പ്രവാചകനും മാത്രമല്ല, എന്നവർ തിരിച്ചറിഞ്ഞു; അവൻ ഉയിർത്തെഴുന്നേറ്റ മശിഹയും ദൈവപുത്രനും ആയിരുന്നു! അവരുടെ ഭയം നീങ്ങുവാൻ തുടങ്ങി, അവരുടെ സന്തോഷം തിരിച്ചെത്തി, അവർ ദൈവത്തിന്റെ അത്ഭുത സമാധാനം അനുഭവിച്ചു.

## ഉയിർത്തെഴുന്നേല്പും തോമാസും
## (20:25-29)

യേശു മറ്റു പത്തു അപ്പൊസ്തലന്മാർക്കു പ്രത്യക്ഷനായപ്പോൾ, തോമാസ് അവരോടൊപ്പം ഇല്ലായിരുന്നു. അവൻ അവരുടെ അടുക്കലേക്കു മടങ്ങി വന്നപ്പോൾ മറിയ ആദ്യം അവരോടു പറഞ്ഞതു അവർ തോമാസിനോടു പറഞ്ഞു: "ഞങ്ങൾ കർത്താവിനെ കണ്ടു!" (20:25). തോമാസ് യേശുവിൽ വിശ്വസിച്ചിരുന്നെങ്കിലും,[1] ഈ സമയത്ത്, അവന്റെ ഹൃദയം കഠിനപ്പെടുകയും സംശയാലു ആവുകയും ചെയ്തു. ഒരിക്കൽ അവൻ യേശുവിന്റെ സ്വർഗ്ഗീയ കാഴ്ച്ചപ്പാടിന്റെ യാഥാർത്ഥ്യം ധൈര്യത്തോടെ പറഞ്ഞവനാണ്, എന്നാൽ നിരാശയും ആഴമേറിയ ഉപദ്രവവും ഒരുപക്ഷെ അവനെ ലൗകിക കാഴ്ച്ചപ്പാടിലേക്കു മാറ്റിയിരിക്കും. തോമാസ് നിർബന്ധമായും, "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും, ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കയ്യിടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്നു അവൻ അവരോടു പറഞ്ഞു" (20:25).

തോമാസിന്റെ സംശയത്തെ വിമർശിക്കുവാൻ വളരെ എളുപ്പമാണ്. അവൻ പ്രകടിപ്പിച്ച അതേ വികാരം നമുക്കെല്ലാവർക്കും സുപരിചിതമാണ്. ആ തീരുമാനത്തെ നിസ്സാരമായി എടുക്കുവാൻ വിശ്വാസത്തിനുവേണ്ടിയുള്ള തീരുമാനത്തിൽ വളരെ കാര്യങ്ങൾ ആശ്രയിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ യേശുവിനെ ഒന്നുതൊട്ടുനോക്കുവാൻ നാമും ആഗ്രഹിച്ചു. നമ്മുടെ സംശയം കണ്ടെത്തുവാൻ തോമാസ് നമ്മെ സഹായിക്കുന്നു, പിന്നീട് അവയ്ക്കപ്പുറം പോകുവാനും നമ്മെ സഹായിക്കുന്നു.

തോമാസ് ആവർത്തിച്ച് തന്റെ സംശയം പ്രകടിപ്പിച്ച് എട്ട് ദിവസങ്ങൾക്കുശേഷം ശിഷ്യന്മാർ വീണ്ടും അടച്ചിട്ടമുറിയിൽ ഒത്തുകൂടി. ഈ സമയത്ത്, തോമാസ് അവരുടെ കൂടെ ഉണ്ടായിരുന്നപ്പോൾ യേശു വീണ്ടും മുൻപുചെയ്തതുപോലെ പ്രത്യക്ഷനായി. തോമാസിന്റെ സംശയങ്ങളെ നേരിട്ട്, യേശു തോമാസിനോട് അവന്റെ കൈകൾ നീട്ടി, അവന്റെ രണ്ടുവശത്തുമുള്ള മുറിപ്പാടുകളിൽ തൊട്ടുനോക്കുവാൻ പറഞ്ഞു. തോമാസ് നോക്കുകയും പിന്നെ, "എന്റെ കർത്താവും ദൈവ

വുമായുള്ളോവേ!" എന്നു ഏറ്റുപറഞ്ഞു (20:28). യോഹന്നാന്റെ സുവിശേഷത്തിൽ വച്ചുള്ള ഏറ്റവും വലിയ ഏറ്റുപറച്ചിലാണിത്, അത് ഒരിക്കൽ ആഴമേറിയ നിരാശനും സംശയാലുവുമായ കഠിന ഹൃദയനിൽ നിന്നാണ് വന്നത്.

തോമാസിന്റെ ഏറ്റുപറച്ചിലിനുശേഷം അവനോടു പറഞ്ഞ ചില കാര്യങ്ങൾ നമ്മുടെ ഇന്നത്തെ സാഹചര്യത്തോട് ഒക്കുന്നു. അവൻ തോമാസിനോട്, "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു, കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്നുപറഞ്ഞു?" (20:29). തോമാസിന് ലഭിച്ചതായ തെളിവ് നമുക്കും കിട്ടണമെന്ന് നാം ആഗ്രഹിക്കുന്നു, എന്നാൽ അത് ഇന്ന് അസാധ്യമാണ്, കാരണം യേശു സ്വർഗ്ഗാരോഹണം ചെയ്ത് പിതാവിന്റെ അടുക്കലേക്കു പോയി. നമുക്കുണ്ടാകേണ്ട വിശ്വാസം, മറ്റ് ചിലതിൽ ആസ്പദമായിരിക്കുന്നു. തോമാസിനും മറ്റു ശിഷ്യന്മാർക്കും ആണിപ്പാടുകൾ എന്തായിരുന്നുവോ, അതാണ് ഇന്ന് നമുക്കു യോഹന്നാന്റെ സുവിശേഷം: ഉയർത്തെഴുന്നേറ്റ കർത്താവിനെ എതിരിടുന്നവഴി. നാം അവനെ മുഖാമുഖം കാണുന്നുവെങ്കിലും അവന്റെ സാക്ഷ്യങ്ങളും അവകാശങ്ങളും നാം ഏറ്റുമുട്ടുന്നു, അവന്റെ ഉപദേശങ്ങൾ, എഴുതപ്പെട്ട ദൈവത്തിന്റെ വചനവുമായും നാം എതിരിടുന്നു.

### ഉയർത്തെഴുന്നേൽപ്പും നാമും (20:30, 31)

20:30, 31-ൽ നാം യോഹന്നാന്റെ സുവിശേഷത്തിലെ മൊത്തത്തിലുള്ള ഉദ്ദേശപ്രസ്താവനയിൽ എത്തുന്നു:

> ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശുതന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു; എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിനും ഇതെഴുതിയിരിക്കുന്നു.

ശിഷ്യന്മാർ കാൺകെ അവൻ അനേകം "അടയാളങ്ങൾ" ചെയ്തു എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു, എന്നാൽ ഏഴു അടയാളങ്ങൾ[2] ഈ സുവിശേഷത്തിൽ "എഴുതിയിരിക്കുന്നതായി" ഉണ്ട്. അത് തലമുറകൾ ഭാവിയിൽ വിശ്വസിക്കേണ്ടതിനത്രേ. ഈ സുവിശേഷം മുഖാന്തിരം യേശുവിന്റെ സംഭവത്തെ അറിയുന്നവർ യേശു ക്രിസ്തുവാണെന്ന്, ദൈവപുത്രനാണെന്ന് വിശ്വസിക്കയും അവന്റെ നാമത്തിൽ ജീവൻ പ്രാപിക്കയും ചെയ്യുന്നു. യോഹന്നാന്റെ സുവിശേഷം പ്രധാനമായ ഉദ്ദേശം ഉള്ള പ്രായോഗികമായ പുസ്തകമാണ്.

നാലു സുവിശേഷങ്ങളിലെ ഉയിർത്തെഴുന്നേല്പ് വിവരങ്ങളിൽ, ആരെങ്കിലും യേശു കല്ലറയിൽനിന്നു പുറത്തുവരുന്നതായി കണ്ടു എന്നു പറഞ്ഞിട്ടില്ല. അനേകർ അവനെ കൊല്ലുന്നതുകണ്ടു, അനേകർ അവനെ ഉയർത്തെഴുന്നേറ്റ ശേഷം കണ്ടു, എന്നാൽ ആരും തന്നെ അവൻ കല്ലറവിട്ടുപോകുന്നത് കണ്ടില്ല. നാം, ആദ്യശിഷ്യന്മാരെ പോലെ,

നമ്മുടേതായ തീർപ്പിൽ നമുക്കെത്താം. ആ കോളേജ് സ്നേഹിതർ ഒരിക്കൽ എന്നോടു പറഞ്ഞു, "എല്ലാം ഉയർത്തെഴുന്നേൽപ്പിൽ ആശ്രയിച്ചിരിക്കുന്നു. അത് സത്യമാണെങ്കിൽ, പിന്നെ എല്ലാം സത്യമാണ്. അത് കളവാണെങ്കിൽ, പിന്നെ ഒന്നും കാര്യമേയല്ല."

**ഉപസംഹാരം**

യോഹന്നാൻ തന്റെ സുവിശേഷം എഴുതിയതു മുൻപു വിശ്വസിക്കാത്തവർക്കു വിശ്വാസം ഉണ്ടാകേണ്ടതിനാണോ അതോ വിശ്വസിച്ചവർക്കു അവർ ബലഹീനരായതുകൊണ്ട് അവരെ വിശ്വാസത്തിൽ ബലപ്പെടുത്തേണ്ടതിനാണോ എന്നതിനെ സംബന്ധിച്ചു പണ്ഢിതന്മാർക്കിടയിൽ ദീർഘ ചർച്ചകൾ നടന്നിട്ടുണ്ട്. അതു "ദാറ്റ് യു മേ ബിലീവ്" അർത്ഥം "വിശ്വസിച്ചു *തുടങ്ങേണ്ടതിന്നു"* അല്ലെങ്കിൽ "നിങ്ങൾ *തുടർച്ചയായി* വിശ്വസിക്കേണ്ടതിന്നു"? യോഹന്നാന്റെ സുവിശേഷത്തിൽ ചോദ്യം ഇതോ/അല്ലെങ്കിൽ അതോ എന്നാണെങ്കിൽ, ഏറ്റവും നല്ല ഉത്തരം "രണ്ടും" എന്നാണ്. മുൻപു വിശ്വസിച്ചവർ ഇല്ലാത്തയിടത്ത് തീർച്ചയായും വിശ്വാസം ജനിപ്പിക്കുന്നുണ്ട്. അതേസമയം, ഈ സുവിശേഷത്തിൽ ക്രിസ്തീയ സമൂഹത്തിലെ വിശ്വാസത്തിൽ ഭീരുക്കളും, ബലഹീനരും, പോരാട്ടവും, ക്ഷീണവും നേരിടുന്ന പ്രശ്നത്തെയും പറയുന്നുണ്ട്.

സ്കിയ എന്ന പെൺകുട്ടിയുടെ കഥ ഒരുപക്ഷെ യോഹന്നാൻ ഇഷ്ടപ്പെടുമായിരിക്കാം, ഒരു നാലു - വയസു - കാരി പുതുതായി ജനിച്ച തന്റെ സഹോദരനെ തന്റെ അടുക്കൽ തനിയെ വിട്ടിട്ടു പോകാൻ അപ്പനോടും അമ്മയോടും പറഞ്ഞു. ആദ്യം രക്ഷകർത്താക്കൾക്കു സമ്മതമായിരുന്നില്ല, എന്നാൽ അവൾ സൗമ്യമായും ദയവോടെയും സഹോദരനോടു പെരുമാറുന്നതു കണ്ടപ്പോൾ, അവർ സമ്മതിച്ചു. അവൾ കുഞ്ഞിനെ എന്തു ചെയ്യുമെന്നറിയവാൻ വാതിലിന്റെ വിടവിലൂടെ അവർ അകത്തേക്കു നോക്കിയപ്പോൾ അവർ കണ്ടത്, അവൾ സൗമ്യമായി കുഞ്ഞിന്റെ അടുക്കൽ ചെന്നു പറഞ്ഞു, "കുഞ്ഞേ, ദൈവം എങ്ങനെ ഇരിക്കുന്നു എന്നു എന്നോടു പറയുക, ഞാൻ മറന്നു തുടങ്ങിയിരിക്കുന്നു."

ഈ പാഠം വായിക്കുന്ന ചിലർക്കു, വിശ്വാസം ആരംഭമായിരിക്കാം. ഈ വളർത്തുന്ന വിശ്വാസം ഒരുപക്ഷെ ഒരേസമയം ഭയ - പ്പെടുത്തുന്നതും ആവേശം പകരുന്നതുമാകാം. മറ്റുള്ളവർക്കു വിശ്വാസം ഭൂതകാലത്തിലുള്ളതാണ് - ഒരിക്കൽ ജീവനുണ്ടായിരുന്നതും ഇപ്പോൾ നിർജീവമായിപോയതുമാണ്. *യോഹന്നാന്റെ സുവിശേഷം ഒരിക്കലും വിശ്വസിച്ചിട്ടില്ലാത്തവർക്കും "മറന്നു തുടങ്ങിയവർക്കും" ഉള്ളതാണ്.*

യേശുവിന്റെ ഉയിർത്തെഴുന്നേല്പിനെ സംബന്ധിച്ചു നിങ്ങളുടെ തീരുമാനം എന്താണ്? നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നിങ്ങൾ വിശ്വസിക്കുമോ? നിങ്ങൾ നിങ്ങളുടെ വിശ്വാസം പുതുക്കുമോ? *എല്ലാം* ഈ തീരുമാനത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്!

കുറിപ്പുകൾ

[1]തോമാസിന്നു യേശുവിനോടുള്ള ആദ്യഭക്തിയുടെ ഉദാഹരണമാണ് യോഹന്നാൻ 11:16. [2]യോഹന്നാന്റെ സുവിശേഷത്തിലെ ഏഴു അടയാളങ്ങൾ വെള്ളം വീഞ്ഞാക്കിമാറ്റിയത് (അദ്ധ്യായം 2); രാജഭൃത്യന്റെ മകനെ സൗഖ്യമാക്കിയത് (4); ബേഥെസ്ദാ കുളത്തിനരികിലെ മുടന്തനെ സൗഖ്യമാക്കൽ (5); അയ്യായിരം പേരെ പോഷിപ്പിക്കൽ (6); വെള്ളത്തിന്മേൽ നടക്കൽ (6); പിറവിയിലേ മുടന്തനായവനെ സൗഖ്യമാക്കൽ (9); മരിച്ച ലാസറിനെ ഉയർപ്പിക്കൽ എന്നിവയാണ് (11). ഒരുപക്ഷെ യോഹന്നാന്റെ സുവിശേഷത്തെ "ഏഴു അടയാളങ്ങളുടേയും വലിയ അടയാളമായ (ഉയിർത്തെഴുന്നേല്പിന്റെയും)" സുവിശേഷം എന്നു വിളിക്കുന്നതാവും കൂടുതൽ ശരി.

---

**യോഹന്നാന്റെ സുവിശേഷത്തിലെ ഏറ്റു പറച്ചിൽ**

യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിനെ ഏറ്റു പറയുന്നതിൽ താഴെ പറയുന്നവ അടങ്ങിയിരിക്കുന്നു:

*നഥനയേൽ:* "റബ്ബീ, നീ ദൈവപുത്രൻ; നീ യിസ്രായേലിന്റെ രാജാവ്" (1:49).

*നിക്കോദേമൊസ്:* "റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽനിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു" (3:2).

*മാർത്ത:* "ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു" (11:27).

ഈ എല്ലാ ഏറ്റുപറച്ചിലും പ്രാധാന്യമുള്ളതും, എല്ലാം വിശ്വാസയാത്രയിലുള്ള പടികളുമാണ്. *തോമാസ്*, എങ്ങനെയായാലും, ഉയിർത്തെഴുന്നേല്പിന്റെ അടിസ്ഥാനത്തിൽ, പൂർണ്ണമായ ഏറ്റുപറച്ചിൽ യേശുക്രിസ്തുവിനോടു നടത്തി "എന്റെ കർത്താവും ദൈവവുമായുള്ളോവേ!" (20:28).

© 2009 Truth for Today